# പതിമൂന്നാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 5426

01.07.2014-ൽ മറുപടിക്ക്

## ഭവന പദ്ധതി ഗുണഭോക്തൃ ലിസ്റ്റ്

### ചോദ്യം

ശ്രീ. തോമസ് ചാണ്ടി:

ഈ സർക്കാർ അധികാരമേറ്റശേഷം നാളിതുവരെ സാഫല്യം ഭവന പദ്ധതി, ഗൃഹശ്രീ പദ്ധതി, എം.എൻ. ലക്ഷം വീട് പുനർ നിർമ്മാണ പദ്ധതി, പത്ര പ്രവർത്തക ഭവന പദ്ധതി പ്രകാരം ആലപ്പുഴ ജില്ലയിലെ ഗുണഭോക്താക്കളുടെ നിയോജക മണ്ഡലം തിരിച്ചുള്ള ലിസ്റ്റ് ലഭ്യമാക്കുമോ?

### ഉത്തരം

ശ്രീ. കെ. എം. മാണി
(ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പു മന്ത്രി)

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആലപ്പുഴ ജില്ലയിൽ സാഫല്യം ഭവന പദ്ധതി സംസ്ഥാന ഭവന നിർമ്മാണ ബോർഡ് നടപ്പിലാക്കിയിട്ടില്ല.

എം.എൻ. ലക്ഷം വീട് പുനർനിർമ്മാണ പദ്ധതി പ്രകാരം ആലപ്പുഴ ജില്ലയിൽ 104 വീടുകൾക്ക് സബ്സിഡി അനുവദിച്ചിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഗുണഭോക്താക്കളെ തെരഞ്ഞെടുത്ത് DPC അംഗീകാരം നൽകി അപേക്ഷ സമർപ്പിക്കുന്ന മുറയ്ക്ക് സർക്കാർ സബ്സിഡി ബോർഡു വഴി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കാണ് വിതരണം ചെയ്യുന്നത്. നിർമ്മാണ പുരോഗതിയ്ക്കനുസൃതമായി ഗഡുക്കൾ വിതരണം ചെയ്യുന്നത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളാണ്. ആയതിനാൽ ആലപ്പുഴ ജില്ലയിലെ ഗുണഭോക്താക്കളുടെ മണ്ഡലം തിരിച്ചുള്ള ലിസ്റ്റ് ബോർഡിൽ ലഭ്യമല്ല.

പത്രപ്രവർത്തക ഭവന പദ്ധതിയിൽ ജില്ലാ ഇൻഫർമേഷൻ ഓഫീസർ വഴി അപേക്ഷകൾ ബോർഡിൽ അയയ്ക്കുകയും ബോർഡ് ടി അപേക്ഷകൾ ശുപാർശ സഹിതം സർക്കാരിൽ സമർപ്പിക്കുകയും ഭവനനിർമ്മാണ വകുപ്പ് അപേക്ഷകൾ സംസ്ഥാനതല സമിതിയിൽ പാസ്സാക്കി ബോർഡിലേക്ക് അയക്കുന്ന മുറയ്ക്ക് സർക്കാർ സബ്സിഡി (1 ലക്ഷം രൂപ) പത്രപ്രവർത്തകർക്ക് ലോൺ അക്കൗണ്ടിൽ കുറവു ചെയ്യുന്നതിലേയ്ക്ക് അയച്ചുകൊടുക്കുകയുമാണ് ചെയ്യുന്നത്. ആയതിനാൽ ഗുണഭോക്താക്കളുടെ മണ്ഡലം തിരിച്ചുള്ള ലിസ്റ്റ് ബോർഡിൽ ലഭ്യമല്ല.

ഗൃഹശ്രീ ഭവന പദ്ധതി പ്രകാരം ആലപ്പുഴ ജില്ലയിൽ 14 സ്പോൺസർമാർ മുഖേന 28 വീടുകൾ അനുവദിച്ചിട്ടുണ്ട്. ഗുണഭോക്താക്കളുടെ നിയോജക മണ്ഡലം തിരിച്ചുള്ള കണക്ക് ലഭ്യമല്ല.

സെക്ഷൻ ഓഫീസർ